# സാമൂഹിക ആഘാത പഠനം
# - കരട് റിപ്പോർട്ട്

# അഞ്ചൽ ബൈപ്പാസ്

ഐഡിയൽ കൺസൾട്ടൻസി

കൊല്ലം

# സാമൂഹിക ആഘാത പഠനം - കരട് റിപ്പോർട്ട്

| | | |
|---|---|---|
| പദ്ധതിയുടെ പേര് | : | ബൈപ്പാസ് - അഞ്ചൽ |
| അർഥനാധികാരി | : | എക്സി. എഞ്ചിനിയർ<br>പി.ഡബ്ല്യൂ.ഡി. റോഡ്സ്, കൊല്ലം |

R11(3) വിജ്ഞാപനം പ്രസിദ്ധീകരിച്ച തീയതി : ..... 09.10.19

**ആമുഖം:**

കൊല്ലം ജില്ലയിൽ പുനലൂർ താലൂക്കിൽ ആയൂർ - അഞ്ചൽ റോഡും അഞ്ചൽ - പുനലൂർ റോഡും ബന്ധിപ്പിച്ചാണ് അഞ്ചൽ ബൈപ്പാസ് നിർമ്മിക്കുന്നത്. ആയൂർ - അഞ്ചൽ റൂട്ടിൽ കുരിശുമൂട് ജംഗ്ഷനിൽ നിന്നാരംഭിച്ച് അഞ്ചൽ - പുനലൂർ റൂട്ടിൽ സെന്റ് ജോർജ് സ്കൂളിനുമുന്നിൽ എത്തിച്ചേരുന്ന അഞ്ചൽ ബൈപ്പാസിന് 02.16 കി.മീ. നീളവും 18 മീറ്റർ വീതിയുമുണ്ട്.

അഞ്ചൽ - അലയമൺ ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന അഞ്ചൽ ബൈപ്പാസ് പുനലൂർ - അലയമൺ വില്ലേജിലെ 33.93 ആർസ് സ്ഥലത്തുകൂടി കടന്നുപോകുന്നു.

2010 ൽ അഞ്ചൽ ബൈപ്പാസിനുവേണ്ടി അഞ്ചൽ - ഇടമുളയ്ക്കൽ വില്ലേജുകളിലെ വസ്തുക്കൾ ഏറ്റെടുക്കുകയും നഷ്ടപരിഹാരം വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ ചില സർവ്വേ നമ്പരുകൾ വിട്ടുപോയിട്ടുള്ളതിനാൽ ആ സ്ഥലം കൂടി 2013 ലെ RFCTLARR നിയമപ്രകാരം ഏറ്റെടുത്ത് നൽകണമെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ റോഡ് വിഭാഗം, കൊല്ലം അർത്ഥനാപത്രം നൽകിയതിൻ പ്രകാരം കൊല്ലം നാഷണൽ ഹൈവേ സ്പെഷ്യൽ തഹസീൽദാർ സ്ഥല പരിശോധന നടത്തുകയും റിപ്പോർട്ട് നൽകുകയും ചെയ്തിട്ടുള്ളതാണ്.

അതിൻപ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന്റെ ആവശ്യകതയും സാമൂഹിക ആഘാതപഠനവും നടത്തിയാണ് ഈ കരട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

**സ്ഥലം ഏറ്റെടുക്കേണ്ടതിന്റെ ആവശ്യകത**

2010 ൽ ഏറ്റെടുത്ത് പണിതുടങ്ങിയ അഞ്ചൽ ബൈപ്പാസിന് 18 മീറ്റർ വീതിയാണ് ഉള്ളത്. എന്നാൽ ചില സർവ്വേ നമ്പരുകൾ വിട്ടുപോയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ആസ്ഥലംകൂടി ഏറ്റെടുത്ത് നൽകിയെങ്കിൽ മാത്രമേ നിർദ്ദിഷ്ട റോഡിന്റെ നിർമ്മാണം നടത്താൻ കഴിയുകയുള്ളൂ. നിലവിൽ പണി നടന്നുകൊണ്ടിരിക്കുന്ന റോഡിന്റെ പല ഭാഗങ്ങളിലായി ഒറ്റപ്പെട്ടുകിടക്കുന്ന ഈ ഭൂമി ഏറ്റെടുക്കുന്നതിനെതിരെ ഉടമകൾ കോടതിയെ സമീപിച്ചാൽ റോഡുപണി വീണ്ടും നിന്നുപോകുന്ന സാഹചര്യം ഉണ്ടാകുന്നതാണ്. ആയതിനാൽ സമയ ബന്ധിതമായി സ്ഥലം ഏറ്റെടുപ്പ് നടത്തി ബൈപ്പാസ് എന്ന സ്വപ്നം സഫലീകൃതമാക്കാൻ കാര്യമായ ശ്രമം ഉണ്ടാകേണ്ടതാണ്. സ്ഥലമെടുപ്പ് താമസിക്കുംതോറും ഉയർന്ന ഭൂമി വില നൽകേണ്ടതിനോടൊപ്പം നിർമ്മാണചിലവ് വർദ്ധിക്കുന്ന സാഹചര്യത്തിൽ സർക്കാരിന് ഭീമമായ നഷ്ടം ഉണ്ടാകാനും സാദ്ധ്യതയുള്ളതാണ്.

**ഭൂമിയുടെ കിടപ്പ്:**

ആയൂർ - അഞ്ചൽ റോഡിൽ കുരിശുംമൂട് ജംഗ്ഷനിൽ നിന്നും കിഴക്കോട്ട് തിരിഞ്ഞ് ഏകദേശം 700മീ. കഴിഞ്ഞ് തെക്കോട്ട് തിരിഞ്ഞ് 800 മീ. തെക്കായുള്ള അഞ്ചൽ-പുനലൂർ റോഡിൽ സെന്റ് ജോർജ് സ്കൂളിനു മുന്നിൽ ചേരത്തക്കവിധത്തിൽ 2.16 കി.മീ. നീളത്തിലും 1.8 മീ. വീതിയുമുള്ള റോഡിന്റെ പല ഭാഗത്തായിട്ടാണ് ഏറ്റെടുക്കേണ്ട ഭൂമി ചെറിയ ചെറിയ ഭാഗങ്ങളായി സ്ഥിതിചെയ്യുന്നത്. നിലവിൽ റോഡുപണിതുകൊണ്ടിരിക്കുന്ന അലൈൻമെന്റിനുള്ളിലാണ് മുൻപ് ഭൂമി ഏറ്റെടുത്തപ്പോൾ വിട്ടുപോയിട്ടുള്ള ഈ ഭൂമി സ്ഥിതി ചെയ്യുന്നത്.

**പദ്ധതിക്കുവേണ്ടി ഏറ്റെടുക്കേണ്ട സ്ഥലം**

കൊല്ലം ജില്ലയിൽ പുനലൂർ താലൂക്കിൽ അഞ്ചൽ വില്ലേജിലെ ബ്ലോക്ക് നമ്പർ 34ൽ റീസർവേ 326/27, 326/29, 368/27, 368/28, 368/29, 390/21, 394/27, 394/28, 394/29, 394/30, 394/32, 394/34, 394/35, 390/22 ഇടമുളയ്ക്കൽ വില്ലേജിലെ ബ്ലോക്ക് 29 ൽ റീസർവ്വേ 359/24, 359/26, 359/28 എന്നീ നമ്പരുകളിൽപ്പെട്ട വസ്തുക്കളാണ് വിട്ടുപോയിട്ടുള്ളത്. വസ്തുക്കളുടെ വിവരവും ഉടമസ്ഥന്റെ വിവരവും താഴെ പട്ടികയിൽ ചേർക്കുന്നു. ആകെ 33.93 ആർസ് വസ്തുവാണ് ഏറ്റെടുക്കേണ്ടത്

വില്ലേജ് : ഇടയമുളയ്ക്കൽ

| ക്രമ നമ്പർ | ബ്ലോക്ക് നമ്പർ | സർവ്വേ നമ്പർ | വിസ്തീർണം | വിലാസം |
|---|---|---|---|---|
| 1. | 29 | 359/24 | 02.11 | ശ്രീ.പ്രസാദ്,<br>തട്ടക്കാട്ട് വീട്,<br>പടിഞ്ഞാറ്റിൻകര |
| 2. | | 359/26 | 01.15 | ശ്രീ.പ്രസാദ്,<br>തട്ടക്കാട്ട് വീട്,<br>പടിഞ്ഞാറ്റിൻകര |
| 3. | | 359/28 | 01.35 | ശ്രീ.പ്രസാദ്,<br>തട്ടക്കാട്ട് വീട്,<br>പടിഞ്ഞാറ്റിൻകര |
| വില്ലേജ് : അഞ്ചൽ | | | | |
| 4. | 34 | 326/27 | 05.30 | ശ്രീമതി ലൈലാ ലാൽ മോഹൻ,<br>പത്മവിലാസം,<br>പനയഞ്ചേരി മുറി, അഞ്ചൽ |
| 5. | 34 | 326/29 | 01.42 | ശ്രീ. ലാൽ മോഹൻ,<br>പത്മവിലാസം,<br>പനയഞ്ചേരി മുറി, അഞ്ചൽ |
| 6. | 34 | 368/27 | 00.70 | ശ്രീമതി പ്രഭാകുമാരി അമ്മ,<br>സരസ്, അലയമൺ |
| 7. | 34 | 368/28 | 01.80 | ശ്രീ. ഷാജഹാൻ,<br>സലിം ക്വോട്ടേഴ്സ്,<br>തഴമേൽ, അഞ്ചൽ |
| 8. | 34 | 368/29 | 01.73 | ശ്രീ. ഷിനു,<br>ഷിനു മൻസിൽ,<br>കിഴക്കേക്കര മുറി,<br>കൊട്ടാരക്കര |
| 9. | 34 | 390/21 | 00.60 | ശ്രീ.സോമരാജൻ,<br>പാലവിള വീട്ടിൽ,<br>തഴമേൽമുറി, അഞ്ചൽ |
| 10 | 34 | 394/27 | 00.30 | ശ്രീ.ഗീവർഗ്ഗീസ് തോമസ്,<br>മാതുകുന്നത്ത്, തഴമേൽ |
| 11. | 34 | 394/28 | 01.40 | ശ്രീമതി. ആരിഫാ ബീവി,<br>ഷെമിം മൻസിൽ,<br>തഴമേൽ, അഞ്ചൽ |

| ക്രമ നമ്പർ | ബ്ലോക്ക് നമ്പർ | സർവ്വേ നമ്പർ | വിസ്തീർണം | വിലാസം |
|---|---|---|---|---|
| 12. | 34 | 394/27 | 02.90 | ശ്രീ. ഷാജി എബ്രഹാം, ഹിൽവ്യു കോട്ടേജ്, തഴമേൽ മുറി, അഞ്ചൽ |
| 13. | 34 | 394/30 | 04.25 | ശ്രീ. ജോൺ എബ്രഹാം, സൺഷൈൻ, അഗസ്ത്യകോട് മുറി, അഞ്ചൽ |
| 14. | 34 | 394/32 | 02.70 | ശ്രീ. ലെനിൻ എബ്രഹാം, ഷാജി മന്ദിരം, തഴമേൽ മുറി, അഞ്ചൽ |
| 15. | 34 | 394/34 | 00.62 | ശ്രീ. അനൽ എബ്രഹാം, ഷാജി മന്ദിരം, തഴമേൽ മുറി, അഞ്ചൽ |
| 16. | 34 | 394/35 | 04.50 | ശ്രീ. ഷാജി എബ്രഹാം, ഹിൽവ്യു കോട്ടേജ്, തഴമേൽ മുറി, അഞ്ചൽ |
| 17. | 34 | 390/22 | 01.10 | ശ്രീമതി സലീന, അരയുമൂട്ടിൽ വീട്, തഴമേൽ മുറി, അഞ്ചൽ |

**പൊതു ആവശ്യത്തിനാണോ ഭൂമി ഏറ്റെടുക്കുന്നത്:**

അഞ്ചൽ ജംഗ്ഷനിലെ ഗതാഗതക്കുരുക്ക് നിലവിൽ ചർച്ചാ വിഷയമാണ്. ചില അവസരങ്ങളിൽ പുനലൂരിൽ നിന്നും തിരുവനന്തപുരത്തേക്ക് പോകുന്നവർ മണിക്കൂറുകൾ അഞ്ചൽ ജംഗ്ഷനിൽ കുടുങ്ങിപ്പോകാറുണ്ട്. ഇതിനൊരു പരിഹാരമായാണ് ആയൂർ - അഞ്ചൽ ബൈപ്പാസ് കരുതപ്പെടുന്നത്. പൊതുജനത്തിന് ഏറ്റവും ഉപകാരപ്രദമായ ഈ പദ്ധതിയുടെ അർത്ഥനാധികാരി കേരളസർക്കാർ പൊതുമരാമത്ത് വകുപ്പാണ്. ആയതിനാൽ പൊതു ആവശ്യത്തിനായാണ് ഈ ഭൂമി ഏറ്റെടുക്കുന്നത്.

**സാമൂഹ്യ ആഘാതപഠനത്തിന്റെ ആവശ്യകത**

2013 ലെ ഭൂമി ഏറ്റെടുക്കുന്നതിലും പുനഃരധിവാസത്തിലും റീസെറ്റിൽ മെന്റിലും ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കുമുള്ള അവകാശ നിയമപ്രകാരം ഒരു വസ്തു ഏറ്റെടുക്കുന്നതുകൊണ്ട് പൊതുകാര്യത്തിനായാൽപ്പോലും പൊതുജനങ്ങൾക്കുണ്ടാകുന്ന ദോഷങ്ങൾ പരമാവധി കുറയ്ക്കാനും ഗുണകരമായ ആഘാതങ്ങൾ വർദ്ധിപ്പിക്കുവാനും ഭൂവുടമയ്ക്ക് പരമാവധി വില ലഭ്യമാക്കുവാനും തൊഴിൽ നഷ്ടപ്പെടുന്നവർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും എന്നാൽ അതുകൊണ്ട് മറ്റാർക്കും ദോഷഫലങ്ങൾ ഉണ്ടാകാതിരിക്കുവാനും എല്ലാവരുടെയും സഹകരണം ഉറപ്പാക്കി വേഗത്തിൽ സ്ഥലമെടുപ്പും പദ്ധതി നിർവ്വഹണവും നടത്തുന്നതിനാണ് സാമൂഹ്യആഘാതപഠനം നടത്തുന്നത്. കൊല്ലം ജില്ലാകളക്ടറുടെ LA3/49777/17 തീയതി: 24.08.2019 നമ്പർ ഉത്തരവിൻ പ്രകാരം SIA Unit 2 ഐഡിയൽ കൺസൾട്ടൻസിയെ സാമൂഹ്യ ആഘാതപഠനം നടത്തി റിപ്പോർട്ട് നൽകുന്നതിലേക്കായി ചുമതലപ്പെടുത്തിയിരിക്കുന്നു.

**സാമൂഹ്യ ആഘാതപഠന യൂണിറ്റിന്റെ ഘടന:**

1. ആൻസൽ ജോൺ (B.Sc. Eng) റിട്ട. ചീഫ് എഞ്ചിനീയർ (മെമ്പർ)
2. മെൽവിൻ.എൽ (B.Sc, B.Ed, MA(Soc.) റിട്ട.അസി.ഡയറക്ടർ, ആരോഗ്യവകുപ്പ് (മെമ്പർ)
3. സെബാസ്റ്റ്യൻ പോൾ (B.Sc, LLM, MBA) റിട്ട. തഹസീൽദാർ (ടീം ലീഡർ)

**പാരിസ്ഥിതിക ആഘാതം:**

ഇപ്പോൾ ഏറ്റെടുക്കുന്ന സ്ഥലം നിലവിൽ റോഡായിട്ടുള്ള സ്ഥലത്തിന്റെ ഉള്ളിൽപ്പെട്ടതായതിനാൽ പുതുതായി പാരിസ്ഥിതിക

ആഘാതം ഉണ്ടാകാറില്ല. റോഡ് മൊത്തത്തിൽ മെറ്റലിംഗും ടാറിംഗും നടത്തുമ്പോൾ ഉണ്ടാകുന്ന പൊടിപടലങ്ങളും ശബ്ദമലിനീകരണവും പാരിസ്ഥിതിക ആഘാതമാണെങ്കിലും റോഡിലൂടെ വാഹനഗതാഗതം അനുവദിച്ചിട്ടി ല്ലാത്ത സാഹചര്യത്തിൽ പൊതുജനത്തിന് വലിയ ബുദ്ധിമുട്ട് ഉണ്ടാകുന്നില്ല.

**തൊഴിലിൽ നിന്നുള്ള ആഘാതം:**

നിലവിലുള്ള റോഡ് ഏറ്റെടുത്ത് പണിനടക്കുന്ന സ്ഥലത്തിനുള്ളിൽ വിട്ടുപോയ വസ്തുവാണ് ഇപ്പോൾ ഏറ്റെടുക്കുന്നതെന്നതിനാൽ ഭൂവുടമയ്ക്ക് തൊഴിൽ നഷ്ടപ്പെടുകയോ മറ്റ് കഷ്ടനഷ്ടങ്ങൾ ഉണ്ടാകുകയോ ചെയ്യുന്നില്ല. മറിച്ച് അവർക്ക് ന്യായമായ നഷ്ടപരിഹാരം ലഭ്യമാകുന്നതുമാണ്.

ഈ ഭൂമി ഏറ്റെടുക്കൽ സാരമായ യാതൊരു പാരിസ്ഥിതിക പ്രശ്നങ്ങളും ഉണ്ടാക്കുന്നില്ല. അതുപോലെ തൊഴിലിനോ, വരുമാന ത്തിനോ, പൊതു ഇടങ്ങൾക്കോ, സ്ഥാപനങ്ങൾക്കോ, യാതൊരു തരത്തിലു മുള്ള ആഘാതങ്ങളും ഉണ്ടാക്കുന്നില്ല. പൊതുജനത്തിനും കച്ചവടക്കാർക്കും ഏറെ പ്രയോജനകരമായ ഈ പദ്ധതിയുമായി മുന്നോട്ടുപോകാമെന്ന് ശുപാർശ ചെയ്യുന്നു.

കൊല്ലം

04.11.2019

ടീം ലീഡർ

ഐഡിയൽ കൺസൾട്ടൻസി